നന്ദികേട് നാശഹേതു

അല്ലാഹുﷻ പറഞ്ഞു:

﴿ وَلَئِنْ أَذَقْنَاهُ رَحْمَةً مِّنَّا مِن بَعْدِ ضَرَّاءَ مَسَّتْهُ لَيَقُولَنَّ هَٰذَا لِي ﴾

(അവന് കഷ്ടത ബാധിച്ചതിനുശേഷം നമ്മുടെ പക്കൽനിന്നുള്ള കാരുണ്യം നാം അവന് അനുഭവിപ്പിച്ചാൽ തീർച്ചയായും അവൻ പറയും: 'ഇത് എനിക്ക് അവകാശപ്പെട്ടതാകുന്നു...) (വി.ക്വു.41:50)

ഇമാം മുജാഹിദ്ؒ പറഞ്ഞു: ''ഇത് എന്റെ അദ്ധ്വാനം കൊണ്ട് (ലഭിച്ചതാണ്). ഞാൻ അതിന് അർഹനാണ്.''

ഇബ്നു അബ്ബാസ്ؓ പറഞ്ഞു: ''ഇത് എന്നിൽനിന്നും ഉണ്ടായതാണ് എന്നാണ് അവൻ ഉദ്ദേശിക്കുന്നത്.''

അല്ലാഹുﷻ പറഞ്ഞു:

﴿ قَالَ إِنَّمَا أُوتِيتُهُ عَلَىٰ عِلْمٍ عِندِي ﴾

((ക്വാറൂൻ) പറഞ്ഞു: എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിത് ലഭിച്ചത്..................) (വി.ക്വു. 28: 78)

ഇമാം ക്വതാദؒ പറഞ്ഞു: ''സമ്പാദ്യങ്ങളുടെ നാനോന്മുഖങ്ങളെകുറിച്ച് എനിക്ക് അറിയാവുന്നത് കൊണ്ട് (എനിക്ക് ലഭിച്ചു)''

മറ്റുചിലർ പറഞ്ഞു: ''ഞാൻ അതിന് യോഗ്യനാണെന്ന് അല്ലാഹു അറിയുന്നതിനാലാണ് (ഇത് എനിക്ക് നൽകപ്പെട്ടത്)'' ഇതാണ് ഇമാം മുജാഹിദ്ؒവിന്റെ വാക്ക് അർത്ഥമാക്കുന്നതും. അദ്ദേഹം പറഞ്ഞു: ''എന്റെ സ്ഥാനം കാരണം എനിക്ക് നൽകപ്പെട്ടതാണ്''

അബൂഹുറയ്റؓവിൽനിന്നും നിവേദനം: അദ്ദേഹം അല്ലാഹുവിന്റെ റസൂൽﷺ, ഇപ്രകാരം പറയുന്നത് കേട്ടു:

«إنّ ثَلاَثَةً من بَني إسْرَائِيلَ، أَبْرَصَ وَأَقْرَعَ وَأَعْمَى فَأَرَادَ اللّهُ أَنْ يَبْتَلِيَهُمْ. فَبَعَثَ إِلَيْهِمْ مَلَكاً. فَأَتَى الأَبْرَصَ فقَالَ: أَيّ شَيْءٍ أَحَبّ إِلَيْكَ؟ قَالَ: لَوْنٌ حَسَنٌ وَجِلْدٌ حَسَنٌ وَيَذْهَبُ عَنّي الّذِي قَدْ قَذِرَنِي النّاسُ بِهِ. قَالَ: فَمَسَحَهُ فَذَهَبَ عَنْهُ قَذَرُهُ. وَأُعْطِيَ لَوْناً حَسَناً وَجِلْداً حَسَناً. قَالَ: فَأَيُّ الْمَالِ أَحَبّ إِلَيْكَ؟ قَالَ: الإِبلُ ــ أَوْ الْبَقَرُ. شَكّ إِسْحَــاقُ ــ فَأُعْطِيَ نَاقَةً عُشَرَاءَ. فقَالَ: بَارَكَ اللّهُ لَكَ فِيهَا.

قَالَ: فَأَتَى الأَقْرَعَ فقَالَ: أَيّ شَيْءٍ أَحَبّ إِلَيْكَ؟ قَالَ: شَعَرٌ حَسَنٌ وَيَذْهَبُ عَنّي الّذِي قَذِرَنِي النّاسُ بِهِ. قَالَ: فَمَسَحَهُ فَذَهَبَ عَنْهُ. وَأُعْطِيَ شَعَراً حَسَناً. فقَالَ: أَيّ الْمَالِ أَحَبّ إِلَيْكَ؟ قَالَ: الْبَقَرُ أَوِ الإِبِلُ. فَأُعْطِيَ بَقَرَةً حَامِلاً. فَقَالَ: بَارَكَ اللّهُ لَكَ فِيهَا.

قَالَ: فَأَتَى الأَعْمَى فَقَالَ: أَيّ شَيْءٍ أَحَبّ إِلَيْكَ؟ قَالَ: أَنْ يَرُدّ اللّهُ عَلَيّ بَصَرِي فَأُبْصِرَ بِهِ النّاسَ. فَمَسَحَهُ فَرَدّ اللّهُ إِلَيْهِ بَصَرَهُ. قَالَ: فَأَيّ الْمَالِ أَحَبّ إِلَيْكَ؟ قَالَ: الْغَنَمُ. فَأُعْطِيَ شَاةً وَالِداً. فَأُنْتِجَ هَــذَانِ وَوَلّدَ هَــذَا. فَكَانَ لِهَذَا وَادٍ مِنَ الإِبِلِ. وَلِهَذَا وَادٍ مِنَ الْبَقَرِ. وَلِهَذَا وَادٍ مِنَ الْغَنَمِ.

قَالَ : ثُمّ إِنّهُ أَتَى الأَبْرَصَ فِي صُورَتِهِ وَهَيْئَتِهِ فقَالَ: رَجُلٌ مِسْكِينٌ وَابْنُ سَبِيلٍ. قَدِ انْقَطَعَتْ بِيَ الْحِبَالُ فِي سَفَرِي، فَلاَ بَلاَغَ لِيَ الْيَوْمَ إِلاّ بِاللّهِ ثُمّ بِكَ. أَسْأَلُكَ بِالّذِي أَعْطَاكَ اللّوْنَ الْحَسَنَ وَالْجِلْدَ الْحَسَنَ وَالْمَالَ, بَعِيراً أَتَبَلّغُ بِهِ فِي سَفَرِي. فَقَالَ: الْحُقُوقُ كَثِيرَةٌ. فقَالَ لَهُ: كَأَنّي أَعْرِفُكَ. أَلَمْ تَكُنْ أَبْرَصَ يَقْذَرُكَ النّاسُ؟ فَقِيراً فَأَعْطَاكَ اللّهُ عزّ وجلّ المَالَ؟ فَقَالَ: إِنّمَا وَرِثْتُ هَــذَا الْمَالَ كَابِراً عَنْ كَابِرٍ. فقَالَ: إِنْ كُنْتَ كَاذِباً, فَصَيّرَكَ اللّهُ إِلَى مَا كُنْتَ.

قَالَ: وَأَتَى الأَقْرَعَ فِي صُورَتِهِ وَهَيْئَتِهِ فَقَالَ لَهُ مِثْلَ مَا قَالَ لِهَذَا. وَرَدّ عَلَيْهِ مِثْلَ مَا رَدّ عَلَيهِ هَذَا. فقَالَ لَهُ: إِنْ كُنْتَ كَاذِباً فَصَيّرَكَ اللّهُ إِلَى مَا كُنْتَ.

قَالَ: وَأَتَى الأَعْمَى فِي صُورَتِهِ وَهَيْئَتِهِ فَقَالَ: رَجُلٌ مِسْكِينٌ وَابْنُ سَبِيلٍ. قَدْ انْقَطَعَتْ بِيَ الْحِبَالُ فِي سَفَرِي. فَلاَ بَلاَغَ لِيَ الْيَوْمَ إِلاَّ بِاللَّهِ ثُمَّ بِكَ. أَسْأَلُكَ بِالَّذِي رَدَّ عَلَيْكَ بَصَرَكَ شَاةً أَتَبَلَّغُ بِهَا فِي سَفَرِي. فَقَالَ: قَدْ كُنْتُ أَعْمَى فَرَدَّ اللَّهُ عَلَيَّ بَصَرِي، فَخُذْ مَا شِئْتَ ، وَدَعْ مَا شِئْتَ ، فَوَاللَّهِ لاَ أَجْهَدُكَ الْيَوْمَ بِشَيْءٍ أَخَذْتَهُ لِلَّهِ. فَقَالَ: أَمْسِكْ مَالَكَ. فَإِنَّمَا ابْتُلِيتُمْ ، فَقَدْ رَضِيَ اللهُ عَنْكَ وَسَخِطَ عَلَى صَاحِبَيْكَ»

‘‘ഇസ്റാഈല്യരിൽ മൂന്നുപേർ ഉണ്ടായിരുന്നു, ഒരാൾ വെള്ളപാണ്ടുകാരനും രണ്ടാമൻ കഷണ്ടിക്കാരനും മൂന്നാമൻ അന്ധനുമായിരുന്നു. അല്ലാഹു അവരെ പരീക്ഷിക്കുവാനുദ്ദേശിച്ചു. അവരിലേക്ക് ഒരു മലക്കിനെ നിയോഗിച്ചു. അപ്പോൾ മലക്ക് പാണ്ടുരോഗിയുടെ അടുത്ത് ചെന്നു. എന്നിട്ട് ചോദിച്ചു: താങ്കൾക്ക് എന്താണ് ഏറ്റവും പ്രിയങ്കരമായത്? പാണ്ടുകാരൻ പറഞ്ഞു: നല്ല നിറം, നല്ല തൊലി, ജനങ്ങൾ എന്നിൽ വികൃതമായി കാണുന്നത് എന്നിൽനിന്നും പോയികിട്ടണം. അദ്ദേഹം പറഞ്ഞു: (മലക്ക്) അയാളെ തടവി. അയാളുടെ വൃത്തികേട് പോയി. അയാൾക്ക് നല്ല വർണ്ണവും, നല്ല ചർമ്മവും നൽകപ്പെട്ടു. (മലക്ക്) ചോദിച്ചു: താങ്കൾക്ക് ഏറ്റവും ഇഷ്ടമായ സമ്പത്ത് ഏതാണ്? അയാൾ പറഞ്ഞു: ഒട്ടകം അല്ലെങ്കിൽ പശു (റിപോർട്ട് ചെയ്ത ‘ഇസ്ഹാക്’ എന്ന റാവിയുടെ സംശയമാണ്) അപ്പോൾ അയാൾക്ക് പൂർണ്ണ ഗർഭിണിയായ ഒരു ഒട്ടകത്തെ നൽകപ്പെട്ടു. ശേഷം (മലക്ക്) പറഞ്ഞു: താങ്കൾക്ക് ഇതിൽ (ഒട്ടകത്തിൽ) അല്ലാഹു ‘ബർക്കത്ത്’ ചൊരിയട്ടെ. അദ്ദേഹം പറഞ്ഞു: (മലക്ക്) കഷണ്ടികാരന്റെ അടുത്ത് ചെന്നു. എന്നിട്ട് ചോദിച്ചു: താങ്കൾക്ക് ഏറ്റവും ഇഷ്ടകരമായ കാര്യമെന്താണ്? അയാൾ പറഞ്ഞു: നല്ല മുടി. ജനങ്ങൾ എന്നിൽ വികൃതമായി കാണുന്നത് എന്നിൽ നിന്നും മാറിക്കിട്ടണം. അപ്പോൾ (മലക്ക്) അയാളെ തടവി. അയാളിൽ നിന്ന് വികൃതം നീങ്ങിപോയി. അയാൾക്ക് നല്ല മുടി നൽകപ്പെട്ടു. (മലക്ക്) പറഞ്ഞു: താങ്കൾക്ക് ഏറ്റവും ഇഷ്ടകരമായ സമ്പത്ത് ഏതാണ്? പശു അല്ലെങ്കിൽ ഒട്ടകം. അയാൾക്ക് ഗർഭിണിയായ ഒരു പശുവിനെ നൽകപ്പെട്ടു. (മലക്ക്) പറഞ്ഞു: അല്ലാഹു താങ്കൾക്ക് ഇതിൽ (പശുവിൽ) ‘ബർക്കത്ത്’ ചൊരിയട്ടെ. മലക്ക് അന്ധനായ ആളുടെ അടുത്ത് ചെന്നു. (മലക്ക്) ചോദിച്ചു: താങ്കൾക്ക് എന്താണ് ഏറ്റവും ഇഷ്ടകരമായത്? അയാൾ പറഞ്ഞു: അല്ലാഹു, എന്റെ കാഴ്ച എനിക്ക് തിരിച്ചുനൽകണം. ഞാൻ അതുകൊണ്ട് ജനങ്ങളെ കാണട്ടെ. മലക്ക് അയാളെ തടവി. അല്ലാഹു അയാൾക്ക് അയാളുടെ കാഴ്ച

തിരിച്ചുനൽകി. (മലക്ക്) ചോദിച്ചു: സമ്പത്തിൽ ഏതാണ് താങ്കൾക്ക് ഏറ്റവും പ്രിയങ്കരം? അയാൾ പറഞ്ഞു: ആട്. അയാൾക്ക് പ്രസവിക്കുന്ന ആടിനെ നൽകി. അങ്ങനെ ഒട്ടകത്തിലും പശുവിലും ഒട്ടകങ്ങളും മാടുകളും ഉത്പാദിക്കപ്പെട്ടു. ആട് പെറ്റുപെരുകുകയും ചെയ്തു. (ഒന്നാമത്തെ വ്യക്തിക്ക്) ഒട്ടകങ്ങളുടെ ഒരു താഴ്വാരവും (രണ്ടാമന്) പശുക്കളുടെ ഒരു താഴ്വാരവും (മൂന്നാമന്) ആടുകളുടെ ഒരു താഴ്വാരവും ഉണ്ടായി. അദ്ദേഹം പറഞ്ഞു: പിന്നീട് (മലക്ക്) പാണ്ടുകാരന്റെ അടുത്ത് അയാളുടെ രൂപത്തിലും ഭാവത്തിലും ചെന്നു. ശേഷം പറഞ്ഞു: സാധുവാണ്, വഴിയാത്രക്കാരനാണ്, എന്റെ യാത്രയിൽ ബന്ധങ്ങൾ അറ്റുപോയി. അല്ലാഹുവെ കൊണ്ടും പിന്നീട് താങ്കളെ കൊണ്ടുമല്ലാതെ ഇന്ന് എനിക്ക് ലക്ഷ്യത്തിലെത്തുവാനാകില്ല. താങ്കൾക്ക് നല്ലവർണ്ണവും നല്ല തൊലിയും സമ്പത്തും തന്ന അല്ലാഹുവെ മുൻനിർത്തി ഒരു ഒട്ടകത്തെ ഞാൻ ആവശ്യപ്പെടുന്നു. അതുകൊണ്ട് എനിക്ക് എന്റെ യാത്രയിൽ (ലക്ഷ്യത്തിൽ) എത്തുവാൻ കഴിയും. അപ്പോൾ അയാൾ പറഞ്ഞു: ബാധ്യതകൾ ധാരാളമാണ്! മലക്ക് അയാളോട് പറഞ്ഞു: ഞാൻ നിങ്ങളെ അറിയുമല്ലോ? ജനങ്ങൾ മ്ലേച്ഛനായി കണ്ടിരുന്ന പാണ്ട് രോഗിയായിരുന്നില്ലേ താങ്കൾ? ദരിദ്രനായിരുന്നില്ലേ താങ്കൾ? അങ്ങനെ അല്ലാഹു നിങ്ങൾക്ക് സമ്പത്തേകി. അയാൾ പറഞ്ഞു: തീർച്ചയായും ഈ സമ്പത്ത് ഞാൻ വലിയ കാരണവന്മാരായ എന്റെ പിതാക്കളിൽ നിന്ന് അനന്തരമെടുത്തതാണ്. മലക്ക് പറഞ്ഞു: നീ കളവാണ് പറയുന്നതെങ്കിൽ അല്ലാഹു താങ്കളെ പൂർവ്വാവസ്ഥയിലേക്ക് മടക്കട്ടേ... ശേഷം (മലക്ക്) കഷണ്ടിക്കാരന്റെ അടുത്ത് അയാളുടെ രൂപത്തിലും ഭാവത്തിലും ചെന്നു. (മലക്ക്) പാണ്ടു രോഗിയോട് പറഞ്ഞതുപോലെ അയാളോടും പറഞ്ഞു. പാണ്ടു രോഗി പ്രതികരിച്ചതുപോലെ മലക്കിനോട് കഷണ്ടിക്കാരനും പ്രതികരിച്ചു. മലക്ക് പറഞ്ഞു: താങ്കൾ കളവാണ് പറയുന്നതെങ്കിൽ താങ്കളുടെ പൂർവ്വാവസ്ഥയിലേക്ക് അല്ലാഹു താങ്കളെ മടക്കട്ടെ. (അദ്ദേഹം പറഞ്ഞു:) പിന്നീട് മലക്ക് അന്ധനായ മനുഷ്യന്റെയടുത്ത് ചെന്നു. എന്നിട്ട് പറഞ്ഞു: സാധുവാണ്, വഴിയാത്രക്കാരനാണ്, എന്റെ യാത്രയിൽ ബന്ധങ്ങൾ അറ്റുപോയി. അല്ലാഹുവെക്കൊണ്ടും പിന്നീട് താങ്കളെ കൊണ്ടുമല്ലാതെ ഇന്ന് എനിക്ക് എന്റെ ലക്ഷ്യത്തിലെത്തുവാനാകില്ല. താങ്കൾക്ക് കാഴ്ച തിരിച്ചേകിയ അല്ലാഹുവിനെ മുൻനിർത്തി ഞാൻ താങ്കളോട് ഒരു ആടിനെ ചോദിക്കുന്നു. അതുകൊണ്ട് എനിക്ക് എന്റെ ലക്ഷ്യത്തിലെത്തുവാനാകും. അയാൾ പറഞ്ഞു: ഞാനൊരു അന്ധനായിരുന്നു. എനിക്ക് അല്ലാഹു കാഴ്ച തിരിച്ചുനൽകി. ആയതിനാൽ താങ്കൾ (ഈ ആട്ടിൻ പറ്റത്തിൽ നിന്ന്) വേണ്ടത് സ്വീകരിച്ചാലും. വേണ്ടത് ശേഷിപ്പിച്ചാലും.

അല്ലാഹുവാണെ സത്യം, അല്ലാഹുവിന്റെ മാർഗ്ഗേണ താങ്കൾ ഇന്ന് എന്തെടുത്താലും ഞാൻ താങ്കളെ ബുദ്ധിമുട്ടിക്കുകയില്ല. മലക്ക്

പറഞ്ഞു: താങ്കൾ താങ്കളുടെ സ്വത്ത് എടുത്തു വെച്ചുകൊള്ളുക. നിശ്ചയം, നിങ്ങൾ (മൂന്നുകൂട്ടർ) പരീക്ഷിക്കപ്പെടുകയായിരുന്നു. അതിൽ അല്ലാഹു താങ്കളെ ഇഷ്ടപ്പെട്ടു. താങ്കളുടെ സുഹൃത്തുക്കളോട് കോപിക്കുകയും ചെയ്തു.'' (ബുഖാരി, മുസ്‌ലിം)

<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>

- വി. ക്വു. 41: 50ാം ആയത്തിന്റെ തഫ്സീർ
- (തീർച്ചയായും അവൻ പറയും: 'ഇത് എനിക്ക് അവകാശപ്പെട്ടതാകുന്നു...) എന്ന ആയത്തിന്റെ ആശയം എന്താണ്?
- (എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിത് ലഭിച്ചത്...) എന്ന ആയത്തിന്റെ ആശയം എന്താണ് ?
- ഈ അത്ഭുത കഥയിലെ മഹത്തരമായ ഗുണപാഠങ്ങൾ.

ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്

വിവർത്തനം
അബ്ദുൽ ജബ്ബാർ അബ്ദുല്ല